**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1561** **19-09-2025 - ൽ മറുപടിയ്ക്ക്**

**കേന്ദ്ര സർക്കാരിന്റെ നിർദ്ദിഷ്ട തൊഴിൽ നിയമ ഭേദഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ. സി. മൊയ്തീൻ ,<br>ശ്രീ സി കെ ഹരീന്ദ്രൻ,<br>ശ്രീ. മുരളി പെരുനെല്ലി,<br>ശ്രീമതി ഒ എസ് അംബിക** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | കേന്ദ്ര സർക്കാരിന്റെ നിർദ്ദിഷ്ട തൊഴിൽ നിയമ ഭേദഗതികളോട് സംസ്ഥാന സർക്കാർ സ്വീകരിച്ചിരിക്കുന്ന സമീപനം എന്താണെന്ന് വ്യക്തമാക്കാമോ; | (എ) | വിവിധ തൊഴിൽ നിയമങ്ങൾ ഒരു കുടക്കീഴിൽ കൊണ്ടുവരിക എന്ന ലക്ഷ്യത്തോടെ 29 തൊഴിൽ നിയമങ്ങളെ ഏകീകരിച്ചും 12 നിയമങ്ങളെ റദ്ദാക്കിയും Code on Wages 2019, The Industrial Relations Code 2020, The Code on Social Security 2020, The Occupational Safety Health & Working Conditions Code 2020 എന്നിങ്ങനെ 4 നിയമങ്ങളായി കേന്ദ്ര സർക്കാർ ക്രോഡീകരിച്ചിട്ടുണ്ട്. മേൽ സൂചിപ്പിച്ച കോഡുകൾക്ക് വിവിധ ഘട്ടങ്ങളിലെ ചർച്ചകളിൽ കേരളം ഉൾപ്പെടെയുള്ള വിവിധ സംസ്ഥാനങ്ങളെ കേന്ദ്ര സർക്കാർ ക്ഷണിക്കുകയും നിർദ്ദേശങ്ങളും അഭിപ്രായങ്ങളും ആവശ്യപ്പെടുകയും കേരള സർക്കാർ ടി ചർച്ചകളിൽ പങ്കെടുക്കുകയും സംസ്ഥാനത്തെ തൊഴിലാളികളുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങളും അഭിപ്രായങ്ങളും അറിയിക്കുകയും ചെയ്തിട്ടുണ്ട്. തൊഴിലാളി വിരുദ്ധമായ വ്യവസ്ഥകൾ ഉണ്ടെന്ന് ചൂണ്ടിക്കാട്ടി കേരള സർക്കാർ കേന്ദ്രത്തിന് അഭിപ്രായങ്ങൾ നൽകിയിരുന്നു. എന്നാൽ സംസ്ഥാനത്തിന്റെ അഭിപ്രായങ്ങൾ പര്യാപ്തമായി പരിഗണിക്കാതെ തന്നെ കേന്ദ്രം അന്തിമ രൂപത്തിൽ കോഡുകൾ പ്രസിദ്ധീകരിക്കുകയും നിയമപരമായി നടപ്പിലാക്കാനുള്ള നടപടികൾ ആരംഭിക്കുകയും ചെയ്തിരുന്നു. |
| (ബി) | തൊഴിൽ നിയമങ്ങളിൽ സംസ്ഥാന സർക്കാർ നടത്തിയ പരിഷ്കരണ നടപടികൾ എന്തൊക്കെയാണ്; അറിയിക്കാമോ; | (ബി) | കേന്ദ്ര സർക്കാർ നടപ്പിലാക്കിയ ലേബർ കോഡുകൾക്കനുബന്ധമായി സംസ്ഥാന സർക്കാർ തൊഴിൽ നിയമങ്ങളിൽ പരിഷ്കാരങ്ങളൊന്നും വരുത്തിയിട്ടില്ല.<br><br>**കേന്ദ്ര സർക്കാർ പാസ്സാക്കിയ ലേബർ കോഡുകളിന്മേൽ തൊഴിലാളി /തൊഴിലുടമ** |

**സംഘടനകൾ, നിയമവിദഗ്ധർ എന്നിവരെ ഉൾപ്പെടുത്തി 2022 ൽ ഒരു ശിൽപ്പശാല സംഘടിപ്പിക്കുകയും അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ലഭ്യമാക്കിയിട്ടുമുണ്ട്. കൂടാതെ 1960 ലെ കേരള കടകളും വാണിജ്യ സ്ഥാപനങ്ങളും നിയമത്തിനുള്ള വിവിധ ഭേദഗതി ശിപാർശകൾ ചർച്ച ചെയ്യുന്നതിനായി വിവിധ ട്രേഡ് യൂണിയൻ പ്രതിനിധികളെ പങ്കെടുപ്പിച്ച് 23.06.2025 തീയതിയിൽ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഒരു യോഗം ചേരുകയും വിവിധ ഭേദഗതി ശിപാർശകളിന്മേൽ എല്ലാ ട്രേഡ് യൂണിയനുകളുടെയും അഭിപ്രായങ്ങൾ അറിയിക്കുവാനും തീരുമാനിച്ചിരുന്നു.**

**കേന്ദ്ര ഗവൺമെന്റ് പാസാക്കിയ 2020 ലെ ഇൻഡസ്ട്രിയൽ റിലേഷൻസ് കോഡിന്റെ അടിസ്ഥാനത്തിൽ രൂപീകരിക്കുന്ന കേരള ഇൻഡസ്ട്രിയൽ റിലേഷൻസ് ചട്ടങ്ങളുടെ പ്രാഥമിക വിജ്ഞാപനം അംഗീകരിച്ച് 30.12.2022 ലെ 3859 നമ്പർ അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിച്ചിരുന്നു .**

വ്യവസായം, വ്യാപാരം, ബിസിനസ്സ് അല്ലെങ്കിൽ നിർമ്മാണം എന്നിവ നടക്കുന്ന എല്ലാ തൊഴിലിടങ്ങളിലെയും വേതനവും ബോണസും നിയന്ത്രിക്കുന്നതിന്റെ ആവശ്യത്തിലേയ്ക്കായുള്ള The Code on Wages, 2019 **വകുപ്പ് 67-ലെ അധികാരങ്ങൾ വിനിയോഗിച്ചു കൊണ്ട് Draft Rules on the Code on Wages 15.12.2021 ലെ 3057 നമ്പർ അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിച്ചിരുന്നു .**

**കേന്ദ്ര ഗവൺമെൻറ് പാസാക്കിയ Occupational Safely, Health and Working Conditions 2020 കോഡിന്റെ,അടിസ്ഥാനത്തിൽ രൂപീകരിക്കുന്ന Kerala Occupational Safely, Health and Working Conditions Code, 2020 ചട്ടങ്ങളുടെ പ്രാഥമിക വിജ്ഞാപനം അംഗീകരിച്ച് 17.12.2021 ലെ 3695 നമ്പർ അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിച്ചിരുന്നു.**

**കേന്ദ്ര ഗവൺമെന്റ് പാസാക്കിയ Social Security Code-2020 ന്റെ,അടിസ്ഥാനത്തിൽ രൂപീകരിക്കുന്ന കേരള Social Security Code-2020, ചട്ടങ്ങളുടെ പ്രാഥമിക വിജ്ഞാപനം അംഗീകരിച്ച് 16.12.2021 ലെ 3667 നമ്പർ അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിച്ചിരുന്നു. ആയതിന്മേലുള്ള ആക്ഷേപങ്ങളും നിർദ്ദേശങ്ങളും പരിഗണിച്ചുകൊണ്ട് ഉള്ള അന്തിമ കരട് വിജ്ഞാപന ശിപാർശ**

| | | | |
|---|---|---|---|
| | | | **സർക്കാരിലേക്ക് ലഭ്യമാക്കുന്ന നടപടികൾ ലേബർ കമ്മീഷണർ തലത്തിൽ പുരോഗമിക്കുകയാണ്.** |
| (സി) | തൊഴിൽ നിയമാവലികൾ ചർച്ച നടത്തി അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സമർപ്പിക്കുന്നതിന് തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | കേന്ദ്ര സർക്കാർ നടപ്പിലാക്കിയ ലേബർ കോഡുകൾക്കനുബന്ധമായി സംസ്ഥാന സർക്കാർ തൊഴിൽ നിയമങ്ങളിൽ പരിഷ്കാരങ്ങളൊന്നും വരുത്തിയിട്ടില്ല.<br><br>**കേന്ദ്ര സർക്കാർ പാസ്സാക്കിയ ലേബർ കോഡുകളിന്മേൽ തൊഴിലാളി /തൊഴിലുടമ സംഘടനകൾ, നിയമവിദഗ്ദ്ധർ എന്നിവരെ ഉൾപ്പെടുത്തി 2022 ൽ ഒരു ശിൽപ്പശാല സംഘടിപ്പിക്കുകയും അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ലഭ്യമാക്കിയിട്ടുമുണ്ട്. കൂടാതെ 1960 ലെ കേരള കടകളും വാണിജ്യ സ്ഥാപനങ്ങളും നിയമത്തിനുള്ള വിവിധ ഭേദഗതി ശിപാർശകൾ ചർച്ച ചെയ്യുന്നതിനായി വിവിധ ട്രേഡ് യൂണിയൻ പ്രതിനിധികളെ പങ്കെടുപ്പിച്ച് 23.06.2025 തീയതിയിൽ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഒരു യോഗം ചേരുകയും വിവിധ ഭേദഗതി ശിപാർശകളിന്മേൽ എല്ലാ ട്രേഡ് യൂണിയനുകളുടെയും അഭിപ്രായങ്ങൾ അറിയിക്കുവാനും തീരുമാനിച്ചിരുന്നു.**<br><br>**കേന്ദ്ര ഗവൺമെന്റ് പാസാക്കിയ 2020 ലെ ഇൻഡസ്ട്രിയൽ റിലേഷൻസ് കോഡിന്റെ അടിസ്ഥാനത്തിൽ രൂപീകരിക്കുന്ന കേരള ഇൻഡസ്ട്രിയൽ റിലേഷൻസ് ചട്ടങ്ങളുടെ പ്രാഥമിക വിജ്ഞാപനം അംഗീകരിച്ച് 30.12.2022 ലെ 3859 നമ്പർ അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിച്ചിരുന്നു .**<br><br>വ്യവസായം, വ്യാപാരം, ബിസിനസ്സ് അല്ലെങ്കിൽ നിർമ്മാണം എന്നിവ നടക്കുന്ന എല്ലാ തൊഴിലിടങ്ങളിലെയും വേതനവും ബോണസും നിയന്ത്രിക്കുന്നതിന്റെ ആവശ്യത്തിലേയ്ക്കായുള്ള The Code on Wages, 2019 **വകുപ്പ് 67-ലെ അധികാരങ്ങൾ വിനിയോഗിച്ച് കൊണ്ട് Draft Rules on the Code on Wages 15.12.2021 ലെ 3057 നമ്പർ അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിച്ചിരുന്നു .**<br><br>**കേന്ദ്ര ഗവൺമെൻറ് പാസാക്കിയ Occupational Safely, Health and Working Conditions 2020 കോഡിന്റെ,അടിസ്ഥാനത്തിൽ രൂപീകരിക്കുന്ന Kerala Occupational Safely, Health and Working Conditions Code, 2020 ചട്ടങ്ങളുടെ പ്രാഥമിക വിജ്ഞാപനം അംഗീകരിച്ച് 17.12.2021 ലെ** |

| | | | |
|---|---|---|---|
| | | | **3695 നമ്പർ അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിച്ചിരുന്നു.**<br><br>**കേന്ദ്ര ഗവൺമെന്റ് പാസാക്കിയ Social Security Code-2020 ന്റെ,അടിസ്ഥാനത്തിൽ രൂപീകരിക്കുന്ന കേരള Social Security Code-2020, ചട്ടങ്ങളുടെ പ്രാഥമിക വിജ്ഞാപനം അംഗീകരിച്ച് 16.12.2021 ലെ 3667 നമ്പർ അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിച്ചിരുന്നു. ആയതിന്മേലുള്ള ആക്ഷേപങ്ങളും നിർദ്ദേശങ്ങളും പരിഗണിച്ചുകൊണ്ട് ഉള്ള അന്തിമ കരട് വിജ്ഞാപന ശിപാർശ സർക്കാരിലേക്ക് ലഭ്യമാക്കുന്ന നടപടികൾ ലേബർ കമ്മീഷണർ തലത്തിൽ പുരോഗമിക്കുകയാണ്.** |

സെക്ഷൻ ഓഫീസർ